(സി) 1967-68 മുതൽ 2003-04 വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 2001 മുതൽ ഓരോ വർഷത്തെയും ലാഭം ചുവടെ ചേർക്കുന്നു:

വർഷം	വരവ്	അറ്റാദായം
2001-02	122.69	1.77 കോടി രൂപ
2002-03	131.69	13.40 കോടി രൂപ
2003-04	134.98	19.87 കോടി രൂപ

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി) അനധികൃതമായി പ്രവർത്തിക്കുന്ന ഓൺലൈൻ/പേപ്പർ ഭാഗ്യക്കുറികളുടെ വില്പന കർശനമായി തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടില്ല. ബഹു. ഹൈക്കോടതിയിൽ നിന്നും സർക്കാരിന് അനുകൂലമായി വിധി ലഭിച്ചുവെങ്കിലും ബഹു. സുപ്രീംകോടതിയുടെ താല്കാലിക സ്റ്റേ ഉത്തരവ് വന്നതിനുശേഷമാണ് അന്യസംസ്ഥാന ഓൺലൈൻ/പേപ്പർ ഭാഗ്യക്കുറികൾ സംസ്ഥാനത്ത് വീണ്ടും സജീവമായത്. ഇക്കാര്യത്തിൽ ബഹു. ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികൾ പാലിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്.

(എച്ച്) ഉണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഐ) സുപ്രീംകോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തീരുമാനം പുനഃപരിശോധിക്കുന്നതാണ്.

സംസ്ഥാന ഭാഗ്യക്കുറിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ

13 (878) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ 11-10-2004, 17-12-2004 തീയതികളിലും ഹൈക്കോടതിയിൽ 16-12-2004, 21-12-2004 തീയതികളിലും ഉണ്ടായ വിധികൾ സർക്കാരിനെതിരായിരുന്നോ;

(ബി) എങ്കിൽ അങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും പ്രസ്തുത കേസുകളിൽ നിയമ വകുപ്പിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) കോടതികളിൽ സർക്കാർ സമർപ്പിച്ചിരുന്ന സത്യവാങ്മൂലങ്ങളിൽ കേന്ദ്ര ലോട്ടറി നിയമത്തിലെ സുപ്രധാന വസ്തുതകൾ പരാമർശിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്ന കാര്യം പരിശോധിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആയിരുന്നു.

(ബി) മേഘാലയ സർക്കാർ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്ത 5835-5839/04-ാം നമ്പർ സിവിൽ അപ്പീൽ ഐ.എ.നമ്പർ 8-12/04 ഫയൽ ചെയ്യുകയും ബഹു. സുപ്രീംകോടതി 11-10-2004-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതുപ്രകാരം കേരള ഹൈക്കോടതി 16-8-04-ൽ സർക്കാരിന് അനുകൂലമായി പുറപ്പെടുവിച്ചിരുന്ന സിംഗിൾ ബഞ്ച് വിധി സുപ്രീംകോടതി സ്റ്റേ ചെയ്യുകയുണ്ടായി. മേഘാലയ സർക്കാർ 593-597/04 നമ്പരായി സുപ്രീം കോടതിയിൽ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയുണ്ടായി. 17-12-2004-ൽ ഫയൽ ചെയ്ത പ്രസ്തുത കേസ് 17-5-2004,6-9-2004,15-9-2004, 11-10-2004 എന്നീ തീയതികളിലെ സുപ്രീംകോടതി വിധികളുടെ ലംഘനം ചൂണ്ടിക്കാട്ടിയിരുന്നു. ഈ ഉത്തരവുകളിൻമേൽ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചത് 5-10-2004, 15-10-2004 എന്നീ തീയതികളിൽ ലഭിച്ച നിയമോപദേശങ്ങളുടെ അടിസ്ഥാനത്തിലാണ്.

2-12-2004-ലെ ഹൈക്കോടതി വിധിയിൽ കേന്ദ്രനിയമം ലംഘിക്കുന്ന ഭാഗ്യക്കുറി ഡീലർമാർക്കെതിരെ നടപടി സ്വീകരിക്കാമെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും 16-12-2004-ലെ ഉത്തരവിൽ നികുതി അടയ്ക്കാതിരിക്കുകയും ഒറ്റ നമ്പർ ഏർപ്പെടുത്തുകയും ചെയ്താൽ മാത്രമേ നടപടി സ്വീകരിക്കാവൂ എന്ന് ബഹു.ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. കേന്ദ്ര നിയമം സെക്ഷൻ 4 ലംഘിക്കുന്ന കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി ആരാഞ്ഞ് ബഹു. ഹൈക്കോടതിയിൽ ക്ളാരിഫിക്കേഷൻ ഹർജി കേരള സർക്കാർ നൽകിയെങ്കിലും 21-12-2004-ൽ ബഹു. ഹൈക്കോടതി 16-12-04-ലെ ഉത്തരവ് ആവർത്തിക്കുകയും നികുതി സ്വീകരിക്കുന്ന കാര്യത്തിൽ മാത്രം വ്യക്തത നൽകുകയുമാണ് ഉണ്ടായത്.

(സി) സുപ്രീംകോടതിയുടെ നിയമോപദേശം തേടിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമത്തിലെ നാലാം വകുപ്പ് ലംഘിച്ചുകൊണ്ട് നടത്തുന്ന അന്യസംസ്ഥാന ലോട്ടറികൾക്കും ഓൺലൈൻ ലോട്ടറികൾക്കുമെതിരെ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

കെ.എസ്.എഫ്.ഇ. നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി

14 (991) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ:
ശ്രീ. സി. മമ്മുട്ടി:
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ എത്ര ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;